# CRZ എന്ത് എന്തിന് എങ്ങനെ തീരജനതയെ ബാധിക്കുന്നു ?

## CRZ എന്ത് ?

**Coastal Regulation Zone** എന്നാണ് ഇതിന്റെ മുഴുവൻ പേര്. ഇന്ത്യയിൽ 1991–ൽ ഈ വിജ്ഞാപനം ആദ്യം നിലവിൽ വന്നു. ഇന്ത്യയിലെ തീരദേശ പ്രദേശത്ത്, ഈ വിജ്ഞാപനം ബാധകമായ സ്ഥലങ്ങളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും വികസന പ്രവർത്തനങ്ങൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. പിന്നീട് പല കോടതി വിധികളിലൂടെയും CRZ വിജ്ഞാപനം തീരദേശം ആകെ കർശനമായി നടപ്പാക്കണമെന്ന് ഉത്തരവുകൾ ഉായി. (സുപ്രീം കോടതി റിട്ട് ഹർജി 664/1993).

പിന്നീട് തീരദേശ മേഖലകളുടെ വികസനത്തിലും സംരക്ഷണത്തിനുമായി പുറത്തിറക്കിയ ഈ വിജ്ഞാപനം പ്രയോഗിക തലത്തിൽ ഉാക്കുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് പഠനം നടത്താൻ പ്രൊഫസർ. എം എസ്. സ്വമിനാഥൻ കമ്മറ്റിയെ ചുമതലപ്പെടുത്തി. മുൻകാലങ്ങളിൽ രൂപികൃതമായിരുന്ന വിലിധ സമിതികളുടെ നിരീക്ഷണങ്ങൾ, കോടതി ഉത്തരവുകൾ, തല്പരകക്ഷികളിൽ നിന്നുള്ള നിവേദനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2005 ഫെബ്രവരിയിൽ കമ്മീഷൻ കേന്ദ്രസർക്കാറിന് റിപ്പോർട്ട് സമർപ്പിച്ചു. പിന്നീട് CMZ(Costal Management Zone) എന്ന പേരിൽ മറ്റൊരു കരട് വിജ്ഞാപനം പുറത്തിറക്കി. എന്നാൽ അത് നിയമപ്രകാരം കാലഹരണപ്പെട്ട് പോവുകയും 1991–ലെ വിജ്ഞാപനം ശക്തിപ്പെടുത്താൻ ശുപാർശ ചെയ്യുകയും ചെയ്തു.

തുടർന്ന് (നിലവിലെ)തീരദേശ നിയന്ത്രണ വിജ്ഞാപനം 2011 പുറപ്പെടുവിച്ചു. അതു പ്രകാരം കേരളത്തിലെ എല്ലാ ദ്വീപുകളും തീരപ്രദേശങ്ങളും നിയന്ത്രണരേഖക്ക് ഉള്ളിലായി. വേലിയേറ്റവും വേലിയിറക്കവും ബാധിക്കുന്ന ചെറിയ കൈത്തോടുകൾ പോലും ഇതിന്റെ പരിധിയിൽ വന്നു. നിയന്ത്രണപ്രദേശങ്ങളെ CRZ I, CRZ II, CRZ III, CRZ IV എന്നിങ്ങനെ നാല് ആയി തരം തിരിച്ചിരിക്കുന്നു. CRZ V ാം ഭാഗത്തിൽ പ്രത്യക പരിഗണന അർഹിക്കുന്ന മേഘലകളുടെ കൂട്ടത്തിൽ ഗ്രേറ്റർ മുബൈ, കേരളം, ഗോവ, എന്നീ സ്ഥലങ്ങളെ ഉൽപ്പെടുത്തി.

കേരളത്തിലെ മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശങ്ങൾ CRZ II ലും പചഞ്ചായത്ത് പ്രദേശങ്ങൾ CRZ III ലും ഉൽപ്പെയുത്തിയിരിക്കുന്നു. യഥാർത്ഥത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അതൃത്തിക്കനുസൃതമായി അല്ല CRZ തരം തിരിക്കേതല്ലെങ്കിലും കേരളത്തിൽ അങ്ങനെയാണ് ചെയ്തിരിക്കുന്നത്. CRZ II ൽ ഉൽപ്പെടുന്ന പ്രദേശത്ത് നിലവിലുള്ള റോഡിന്റെയോ, നിർദ്ദിഷ്ട റോഡിന്റെയോ കരഭാഗത്ത് നിർമ്മാണ പ്രവർത്തനങ്ങൾ അനുവദനീയമാണ്. അതോടൊപ്പം നിയമപ്രകാരം നമ്പർ ലഭിച്ചിട്ടുള്ള കെട്ടിങ്ങളുടെ നർമ്മാണ രേഖയിൽ നിന്ന് കരഭാഗത്തേക്കും പണിയാം. എന്നാൽ CRZ III ൽ വരുന്ന പഞ്ചായത്ത് പ്രദേശത്ത്, കടൽ തീരത്തി നിന്നും 200 മീറ്ററും, പുഴ മുതലായവയിൽ നിന്ന് 100 മീറ്ററും അകലത്തിൽ വേണം നിർമ്മാണങ്ങൾ നടത്താൻ.

എന്നാൽ കേരളത്തിൽ ബാക്ക് വാട്ടർ (കായൽ) ദീപുകളിൽ നിയന്ത്രണ രേഖകളിൽ നിന്നും (കൈതോട്, പൊക്കാളിപ്പാടം, കായൽ, പുഴ) 50 മീറ്റർ അകലം വിട്ട് തദ്ദേശവാസികൾക്ക് പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താം. ഇതാണ് കേരളത്തിന് നൽകിയിട്ടുള്ള ആകെ ആനുകൂല്യം. കേരളത്തിന് നൽകിയിട്ടുള്ള പ്രത്യേക പരിഗണന ഉൾക്കൊള്ളുന്ന CRZ V –ൽ ഉൾപ്പെടുത്തിയാണ് 50 മീറ്ററിന്റെ ഇളവ് നൽകിയിരിക്കുന്നത്. 50 മീറ്ററിനുള്ളിൽ തദ്ദേശവാസികളുടെ നിലവിലുള്ള കെട്ടിടങ്ങൾ കേടിപാടുകൾ തീർക്കുകയോ, പുനർ നിർമ്മിക്കുകയോ ചെയ്യാം. 50 മീറ്ററിനപ്പുറത്ത് ബാക്ക്വാട്ടർ ദ്വീപുകളിൽ തദ്ദേശവാസികളുടെ ഭവന നിർമ്മാണം പഞ്ചായത്തിന്റെ മുൻ അനുമതിയോടെ നടത്താവുന്നതാണ്. അത്തരം മുൻകൂർ അനുമതി നാളിതുവരെ പഞ്ചായത്തുകൾക്ക് നൽകാനുള്ള അധികാരമുായിരുന്നുവെങ്കിൽ 2013 ജനുവരിയിൽ ഇറങ്ങിയ സർക്കാർ ഉത്തരവ് പ്രകാരം അതിനു വേിയും ഇനി തിരുവനന്തപുരത്ത് കോസ്റ്റൽ മാനേജ്മെന്റ് അതോറിറ്റിയെ സമീപിക്കണം. (നം. 1722/എ2/12/ശാ.സാ.വ. തീയതി 26–1–2013)

## CRZ എന്തിന് ?

ഇന്ത്യയിലെ തീരദേശപ്രദേശങ്ങളുടെ സുസ്ഥിര വികസനവും സുരക്ഷയും സംരക്ഷണവും ലക്ഷ്യമാക്കിയാണ് CRZ നിലവിൽ വന്നത്. വിരോധാഭാസം എന്ന് പറയട്ടെ തിരദേശവാസികളുടെ തൊഴിൽ സുരക്ഷക്കും, പ്രദേശത്ത് വികസനം ശാസ്ത്രീയമായ രിതിയിൽ സാദ്ധ്യമാകുന്നതിനും ലക്ഷ്യം വച്ച് കൂടിയാണ് വിജ്ഞാപനം നിലവിൽ വന്നതെങ്കിലും ഒരു ഭവനം പോലും പണിയാനാകാത്ത സ്ഥിതിയാണ് ഫലത്തിൽ. പ്രകൃതി ദുരന്തങ്ങൾ തീരദേശവാസികളെ ബാധിക്കാതിരിക്കാനും ആഗോള താപനില ഉയരുന്നത

നുസരിച്ച് കടലിലെ ജലനിരപ്പ് ഉയരുന്നതുകാരമുകാകാവുന്ന ദുരന്തങ്ങളുമൊക്കെ കണക്കിലെടുത്താണ് വിജ്ഞാപനം വന്നത്. എന്നാൽ കേരളത്തിലെ ദ്വീപുകളിൽ ഇത് നടപ്പിലാക്കിയതുകൊ് എന്ത് സുരക്ഷാ ഭീഷണിയാണ് ഉാകുന്നതെന്നും ദ്വീപുകളിൽ എന്ത് പ്രകൃതി ദുരന്തമാണ് പ്രതീക്ഷിക്കേതെന്നുമാണ് ഉയരുന്ന ചോദ്യം. ഇന്ത്യയിലെ മുഴുവൻ തീരപ്രദേശത്തെയും ഒരേ അളവുകോലിൽ കണക്കാക്കിയാണ് ഇത്തരം നിയന്ത്രണങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്.

## CRZ എങ്ങനെ ബാധിക്കുന്നു ?

കേരളത്തിലെ തീരദേശവാസികളെ എങ്ങനെ ഈ വിഞ്ജാപനം ബാധിക്കുന്നു എന്നത് ഇനിയും അധികാരികൾ കാര്യമായി എടുക്കാത്ത ഒരു വിഷയമാണ്. ഈ വിജ്ഞാപനം കേരളത്തിലെ തീരദേശ വാസികളെ എങ്ങനെ ബാധിക്കുന്നുവെന്നതിനെ പറ്റി കാര്യമായ പഠനം ഇതു വരെയും ഒരു നിയമസാമാജികനും രാഷ്ട്രീയ പാർട്ടിയും നടത്തിയിട്ടില്ല. പതിനായിരകണക്കിന് തീരദേശവാസികൾ അക്ഷരാർത്ഥത്തിൽ ഇതിലെ നിയന്ത്രണങ്ങൾ മൂലം ഒരു ഭവനം നിർമ്മിക്കാനാവാതെ കേഴുകയാണ്. കേരളത്തിലെ സാഹചര്യത്തിൽ കൈതോടുകളും കായൽ തുരുത്തുകളും ധാരാളമായുള്ള തീരപ്രദേശത്ത് സംരക്ഷണത്തിന് പകരം സംഹാരമാണ് ഈ വിജ്ഞാപനം മൂലം അനുഭവപ്പെടുന്നത്. സാധാരണക്കാരന്റെ ഭവന നിർമ്മാണത്തിന് മാത്രമാണ് ഫലത്തിൽ ഇവിടെ നിയന്ത്രണം ഉാകുന്നത്. അതേ സമയം വൻകിട കെട്ടിട സമുച്ചയങ്ങൾക്ക് സാങ്കേതികത്വത്തിന്റെ പേരിൽ (CRZ II –ൽ ഉൾപ്പെടുന്നതിനാൽ) അനുമതി ലഭിക്കുകയും ചെയ്യുന്നു. വിജ്ഞാപനം മൂലം സാധാരണക്കാരനുള്ള ഭവിഷത്തുകളെ പറ്റി പഠിക്കാൻ ആളില്ലെങ്കിലും നിയന്ത്രണങ്ങൾ കർശനമായി നടപ്പിലാക്കാൻ മോണിറ്ററിംഗ് കമ്മിറ്റി എല്ലാ ജില്ലകളിലുമാക്കിയിട്ടു്. രാഷ്ട്രീയ നേതൃത്വത്തിലുള്ളവർ തന്നെയാണ് അതിലെ അംഗങ്ങളും. എറണാകുളം ജില്ലയിൽ ചെല്ലാനം പഞ്ചായത്ത് പ്രസിഡന്റ് കെ പി തങ്കച്ചൻ, ജില്ലാ പഞ്ചായത്തംഗം എ ആർ സുഭാഷ്, കെ ജെ ലീനസ് എന്നിവരാണ് വിജ്ഞാപനം കർശനമായി നടപ്പാക്കാനായി നിയമിച്ച അംഗങ്ങൾ. ജില്ലാ കളക്ടർ ചെയർമാനായിരിക്കും. (സർക്കാർ ഉത്തരവ് 69/2013 ശാസ്ത്ര സാങ്കേതിക വകുപ്പ് തീയതി 12–12–2013)

ജനിച്ചുവീണ മണ്ണിൽ സ്വന്തമായി ലഭിക്കുന്ന തു് ഭൂമിയിൽ യാതൊരു നിർമ്മാണവും നടത്താനാവാതെ നിരവധി ആളുകളാണ് കഷ്ടത അനുഭവിക്കുന്നത്. പലരും ഇത് വിധി എന്നുകരുതി സമാധാനിക്കുന്നു. അതേ സമയം എറണാകുളം ഗോശ്രീ റോഡിൽ പോലും വലിയകെട്ടിടങ്ങൾ മാനംമുട്ടെ ഉയർന്ന് കായലിൽ കാലുറപ്പിച്ച് നിൽക്കുമ്പോൾ സാധാരണക്കാരുടെ നേരെ കൊഞ്ഞണം കുത്തുന്ന ഒരു വിജ്ഞാപനമാണോ ഇത് എന്ന് സംശയിക്കേിവരും. ജനസംഖ്യയുടെയും നിർമ്മാണ അനുപാദത്തിന്റെയും പേരിൽ CRZ II – ൽ ഉൾപ്പെടുത്തേ പല പ്രദേശങ്ങളും പഞ്ചായത്ത് ആയതിന്റെ പേരിൽ CRZ III-യിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

CRZ ഏറ്റവും ദോഷകരമായി ബാധിക്കുന്നത് ജനനിബിഡമായ ദ്വീപുകളെയാണ്. 50 മീറ്റർ എന്ന നിയന്ത്രണമുള്ളതിനാൽ ജലാശയങ്ങൾക്കു സമീപവും, കടലിനു 200 മീറ്റർ സമീപവും പുതിയ ഭവന നിർമ്മാണം അനുവദിക്കില്ല. എന്നൽ ജനങ്ങളുടെ നിസ്സഹായാവസ്ഥ ക് കോടതി മുഖേനെയും, മുമ്പ് ഇറങ്ങിയ സർക്കാർ ഉത്തരവുകളിലൂടെയും വീടുകൾക്ക് താൽക്കാലിക നമ്പർ നൽകിയിരുന്നു. എന്നാൽ ഇപ്പോൾ പുറത്തിറക്കിയ ഉത്തരവിൽ അത്തരം താൽക്കാലിക നമ്പർ നൽകിയ ഉദ്യോഗസ്ഥർക്കെതിരെ വരെ നടപടിയെടുക്കണമെന്നാവശ്യപ്പെട്ട ശക്തമായ രീതിയിൽ നിയന്ത്രണം നടപ്പാക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. (നമ്പർ 55353 ത സ്വ വ തീയതി 9–9–2013).

- ☐ ഗ്രെയിറ്റർ മുംബൈയിൽ ജനനിബിഡത കണക്കിലെടുത്ത് ഇളവുകൾ നൽകിയതു പോലെ കേരളത്തിലെ തീരപ്രദേശങ്ങളെ ജനസംഖ്യാനുസൃതമായി തരം തിരിച്ച് ഇളവുകൾ നൽകുക. ജനസംഖ്യയുടെയും നിർമ്മാണ സാന്ദ്രതയുടെയും അടിസ്ഥാനത്തിൽ കേരളത്തിലെ ദ്വീപുകളെ CRZ II ൽ ഉൾപ്പെടുത്തുക.
- ☐ ദ്വീപുകളിൽ 2000 ചതുശ്ര അടി വരെ എങ്കിലും ഭവന നിർമ്മാണത്തിന് നിയന്ത്രണമേർപ്പെടുത്താതിരിക്കുക
- ☐ ജനനിബിഡമായ ദ്വീപുകളിൽ 10 സെന്റിൽ താഴെ ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്താതിരിക്കുക
- ☐ കേരളത്തിലെ സി ആർ ഇസഡ് ബാധിത പ്രദേശങ്ങളിൽ ചെറിയ തോടുകളെയും കൈത്തോടുകളെയും നിയന്ത്രണ രേഖയിൽ നിന്ന് ഒഴിവാക്കുക.
- ☐ വിഷയം അടിയന്തിരമായി പഠിക്കുന്നതിനും പരിഹരിക്കുന്നതിനും നിയമസഭാ സമിതിയുടെ നേതൃത്വത്തിൽ ഉപസമിതി രൂപീകരിക്കുക.